ശ്രീ. വി.വി. സ്നേഹദേവനെതിരെ നടന്നതായി ആരോപിക്കപ്പെട്ട പോലീസ് ബലപ്രയോഗത്തെക്കുറിച്ച് അന്വേഷിച്ച ശ്രീ. കെ. സുധാകരൻ കമ്മിഷൻ എം.എൽ.എ.മാരായ സർവ്വശ്രീ. അടൂർ പ്രകാശ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നിവർക്കു നേരെ നടന്നതായി ആരോപിക്കപ്പെട്ട പോലീസ് ബലപ്രയോഗത്തേയും കോട്ടയത്തേയും തിരുവനന്തപുരത്തേയും ഡി.സി.സി. ആഫീസുകളിൽ നടന്നതായി ആരോപിക്കപ്പെട്ട പോലീസ് അതിക്രമത്തേയുംകുറിച്ച് അന്വേഷിച്ച ശ്രീ. കെ.പി. നാരായണൻ നായർ കമ്മിഷൻ, ബ്രഹ്മപുരം ഡീസൽ വൈദ്യുതി നിലയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെട്ട അഴിമതി ആരോപണങ്ങളെക്കുറിച്ച് അന്വേഷിച്ച ശ്രീ. ജസ്റ്റീസ് വി. ഭാസ്കരൻ നമ്പ്യാർ കമ്മിഷൻ.

(സി) മുകളിൽ പറഞ്ഞ കമ്മിഷനുകൾ സമർപ്പിച്ച റിപ്പോർട്ടുകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(ഡി) മുൻ ഗവൺമെന്റിന്റെ കാലത്ത് നിയമിച്ച തിരുവനന്തപുരത്തെ ഫോറൻസിക് സയൻസ് ലബോറട്ടറിയിലുണ്ടായ സ്ഫോടനത്തെയും തീപിടുത്തത്തെയും കുറിച്ച് അന്വേഷിച്ച ശ്രീ. ആർ. രാജേന്ദ്രബാബു കമ്മീഷൻ, വിഴിഞ്ഞം കലാപങ്ങളെക്കുറിച്ച് അന്വേഷിച്ച ശ്രീ. ആർ. ഗോപാലകൃഷ്ണപിള്ള കമ്മിഷൻ എന്നിവയുടേതൊഴികെ ഈ സർക്കാരിന് ലഭിച്ച ഓരോ റിപ്പോർട്ടിന്മേലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റുമെന്റുകൾ സഹിതം റിപ്പോർട്ടുകൾ യഥാസമയം നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ളതാണ്. ശ്രീ. ഗോപാലകൃഷ്ണപിള്ള കമ്മിഷൻ റിപ്പോർട്ടും ശ്രീ. രാജേന്ദ്രബാബു കമ്മിഷൻ റിപ്പോർട്ടും സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) കമ്മിഷനുകൾ അഭ്യർത്ഥിക്കുന്ന പ്രകാരം അവയുടെ കാലാവധി ദീർഘിപ്പിച്ച് നൽകാറുണ്ട്. ഇപ്രകാരം എല്ലാ കമ്മിഷനുകളുടെയും കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(എഫ്) ശ്രീ. ജസ്റ്റീസ് വി. ശിവരാമൻ നായരുടെ നിര്യാണത്തെ തുടർന്ന് അദ്ദേഹത്തിന്റെ സ്ഥാനത്ത് നിയമിക്കപ്പെട്ട ശ്രീ. ജസ്റ്റീസ് വി. ഭാസ്കരൻ നമ്പ്യാർ കമ്മിഷന്റെ റിപ്പോർട്ട് 11.4.99-ൽ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റുമെന്റ് സഹിതം റിപ്പോർട്ട് ഇതിനകം തന്നെ നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ളതാണ്.

(ജി) റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള കാലാവധി കഴിഞ്ഞ അന്വേഷണ കമ്മീഷനുകൾ ഒന്നുംതന്നെ നിലവിലില്ല.

29 (*309) പരമ്പരാഗത ചികിത്സാരീതികൾ

ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രക്താർബുദം, പ്രമേഹം തുടങ്ങിയ രോഗങ്ങൾക്ക് കേരളത്തിലെ വനങ്ങളിൽനിന്നും ലഭ്യമാക്കുന്ന പച്ചില മരുന്നുകൊണ്ട് ആദിവാസികൾ നടത്തുന്ന പരമ്പരാഗത ചികിത്സാരീതികൾ ഫലവത്താണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കേരളത്തിലെ ആദിവാസികൾക്കിടയിലെ പരമ്പരാഗത ചികിത്സാ രീതിയെക്കുറിച്ച് പഠനം നടത്തുന്നകാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) ഇത് സംബന്ധിച്ച ചില റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിൽ ഇല്ല.

30 (*310) സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജാശുപത്രികളിൽ ലബോറട്ടറി, എക്സ്റേ, ഇ.സി.ജി. സ്കാനിംഗ് എന്നീ സംവിധാനങ്ങൾ 24 മണിക്കൂറും തുടർച്ചയായി പ്രവർത്തിപ്പിക്കുന്നതിനുള്ള സംവിധാനമുണ്ടോ;

(ബി) മേൽപ്പറഞ്ഞ സൗകര്യങ്ങൾ എല്ലാ മെഡിക്കൽ കോളേജുകളിലും 24 മണിക്കൂറും ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് വിവിധ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലുമായി കോടിക്കണക്കിന് രൂപ വിലയുള്ള ഉപകരണങ്ങൾ പ്രവർത്തനരഹിതമായി കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) മേൽപ്പറഞ്ഞ സൗകര്യങ്ങൾ കൂടുതൽ ഏർപ്പെടുത്തുന്നതിന് രോഗികളിൽനിന്ന് മിതമായ ചാർജ്ജ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജാശുപത്രികളിൽ ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന ലബോറട്ടറി, എക്സ്റേ, ഇ.സി.ജി. എന്നീ സംവിധാനങ്ങളുണ്ട്. സ്കാനിംഗ് സംവിധാനം ഇപ്പോൾ തിരുവനന്തപുരം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ഉണ്ട്.

(ബി) ധനലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി ഈ സൗകര്യങ്ങൾ എല്ലാ മെഡിക്കൽ കോളേജുകളിലും ഏർപ്പെടുത്തുന്നകാര്യം പരിശോധനയിലാണ്.

(സി)&(ഡി) ചില ഉപകരണങ്ങൾ പ്രവർത്തനരഹിതമായി കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കാൻ കഴിയാത്ത ഉപകരണങ്ങൾ ലേലം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. ആശുപത്രികളിലെ കേടായ ഉപകരണങ്ങൾ ഐ.എച്ച്.ആർ.ഡി.യുടെ സേവനം ഉപയോഗപ്പെടുത്തി നന്നാക്കുന്നുണ്ട്. കൂടാതെ അതാതു സ്ഥാപനങ്ങളിലെ മേലധികാരികൾക്ക് അധികാരപരിധിയിൽ നിന്നുകൊണ്ട് അംഗീകൃത ഏജൻസികൾ മുഖാന്തിരം കമ്മീഷൻ വ്യവസ്ഥയിൽ ഉപകരണങ്ങൾ നന്നാക്കുന്നതിനുള്ള് സംവിധാനവുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly